"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷം 2020 - ചെലവിനത്തിൽ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.1716/2020/ത.സ്വ.ഭ.വ** തീയതി,തിരുവനന്തപുരം, 23/09/2020

---

പരാമർശം:- 1 27.01.2020-ലെ സ.ഉ. (സാധാ) നം. 218/2020/ത.സ്വ.ഭ.വ നമ്പർ ഉത്തരവ്

2 സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം സംബന്ധിച്ച് 01/07/2020-ന് ചേർന്ന പഞ്ചായത്ത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

3 പഞ്ചായത്ത് ഡയറക്ടറുടെ 11.08.2020-ലെ ജി.2-16831/2019 നമ്പർ കത്ത്.

**ഉത്തരവ്**

2020 വർഷത്തെ പഞ്ചായത്ത് ദിനാഘോഷത്തിന്റെ നടത്തിപ്പ് ചെലവിനും മറ്റു ക്രമീകരണങ്ങൾക്കും തുക ചെലവഴിക്കുന്നതിനുള്ള അനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവായിരുന്നു.

2020 ഫെബ്രുവരി 17, 18, 19 തീയതികളിൽ നടന്ന സംസ്ഥാന തല പഞ്ചായത്ത് ദിനാഘോഷത്തിലേക്ക് മുൻ നിശ്ചയിച്ച തുകയിൽ അധികരിച്ച തുക ചെലവാക്കേണ്ടി വന്നതിനെത്തുടർന്ന് 30,22,029 രൂപ ബാധ്യതയായി നിലനിൽക്കുന്നതായും ആയത് അനുവദിക്കണമെന്നും സംസ്ഥാനതല പഞ്ചായത്ത് ദിനാഘോഷം സംബന്ധിച്ച് 01/07/2020-ന് ചേർന്ന പഞ്ചായത്ത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം പരാമർശം 2 പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കണമെന്ന് പരാമർശം 3 പ്രകാരം പഞ്ചായത്ത് ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പഞ്ചായത്ത് ദിനാഘോഷ എക്സിക്യൂട്ടീവ് കമ്മിറ്റി വരവ് ചെലവ് കണക്കുകൾ അംഗീകരിച്ചിട്ടുള്ള സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറേറ്റിൽ നിലവിലുള്ള പഞ്ചായത്ത് ദിനാഘോഷ നടത്തിപ്പിനായുള്ള അക്കൗണ്ടിൽ നിന്നും രൂ. 25,00,000 (ഇരുപത്തിയഞ്ച് ലക്ഷം രൂപ) വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർക്ക് കൈമാറുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സുനിത ഐ**
**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ (വെബ് & ന്യൂ മീഡിയ) വകുപ്പ്, തിരുവനന്തപുരം.
തദ്ദേശ സ്വയംഭരണ (ഇ.എം) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ